K25FY4571 Pages: 2 Reg No:................

Name:................

# First Semester FYUGP Degree (Reg/Sup) Examination November 2025

# KU1DSCMAL103 - INDIAN ITHARA BHASHASAHITHYA PARICHAYAM

2024 Admission onwards

Time : 1.5 hours Maximum Marks : 50

## Section A

**Answer any 6 questions. Each carry 2 marks.**

1. സൗന്ദര്യത്തെ ചൊല്ലിയുള്ള കിടമത്സരങ്ങൾ ഇതിഹാസകാലം മുതൽ ആരംഭിച്ചതാണ്. 'ഇലിയഡിലെ'ഏത് രംഗമാണ് ഇക്കാര്യം സാധൂകരിക്കുന്നത്?
2. പുതിയത് ലഭിക്കുമ്പോൾ പഴയത് മറന്നുപോകുന്ന മനുഷ്യസഹജമായ ദൗർബല്യം പാരീസിനും ഉണ്ടായിരുന്നു.
   വിശ്വമോഹിനിയായ ഹെലനെക്കുറിച്ച് അറിഞ്ഞപ്പോൾ പാരീസ് രാജകുമാരനുണ്ടായ മോഹം അതിനുദാഹരണമാണോ?
3. 'അവൾ സഹിപ്പിച്ച ദുഃഖശതങ്ങളിൽ ഒടുവിലത്തെ സഹനം '
   എന്ന് കവി വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
4. ഈ രാവിൽ ഏറ്റവും ദുഃഖഭരിതമായ വരികളെഴുതാൻ തനിക്കു കഴിയുമെന്ന് കവി ചിന്തിക്കാനുള്ള കാരണമെന്ത്?
5. മരണം സമീപസ്ഥമായി എന്നതിന് ജോൺസി കണ്ടെത്തുന്ന ന്യായീകരണമെന്തായിരുന്നു?
6. സമ്പന്നനെ ഐശ്വര്യനഷ്ടത്തിലേക്കു നയിച്ചത് അയാളുടെ മനോഭാവമാണ് -
   പഞ്ഞം എന്ന കഥയെ മുൻനിർത്തി വിശദീകരിക്കുക.
7. "അവർക്ക് ഇതുമുഴുവനും വേണമെന്ന്. പണവും മുൻകൂർ തന്നുകഴിഞ്ഞു". ഹോട്ടൽ ഉടമ ഴാങ് വാൽ ഴാങിനോട് ഇങ്ങനെ പറയാനുണ്ടായ സന്ദർഭവും കാരണവും വിശദമാക്കുക.
8. 'ശാസ്ത്രം ദൂരത്തെ നിർമ്മാർജ്ജനം ചെയ്യുന്നു '-
   മെൽക്വിയാഡിസ് ഇങ്ങനെ പറയാനിടയായ സന്ദർഭം വിശദീകരിക്കുക.

## Section B

**Answer any 4 questions. Each carry 6 marks.**

9. ഏതെങ്കിലും രണ്ട് ഈസോപ്പുകഥകൾ സംഗ്രഹിക്കുക. ഈ കഥകൾ വിശകലനം ചെയ്ത് ഈസോപ്പുകഥകളുടെ സവിശേഷതകൾ കണ്ടെത്തുക.
10. മനുഷ്യജീവിതത്തിന്റെ സങ്കീർണ്ണതകൾക്ക് ലളിതമായ ഭാഷയിൽ ഉത്തരം കണ്ടെത്തുന്നവയാണ് നാടോടിക്കഥകൾ - സമർത്ഥിക്കുക.
11. സത്യസന്ധനായ കള്ളൻ എന്ന കഥയെ ഭാവതീവ്രമാക്കുന്നതിൽ എമല്യാനുഷ്ക എന്ന കഥാപാത്ര ചിത്രീകരണത്തിനുള്ള പങ്ക് വിലയിരുത്തുക.

12. ലോകമെങ്ങും നടന്ന വിപ്ലവങ്ങൾക്ക് വഴിമരുന്നിട്ട കൃതിയാണ് മാക്സിം ഗോർക്കിയുടെ 'അമ്മ'. ഈ പ്രസ്താവന വിലയിരുത്തുക.

13. "ഏകാന്തതയുടെ നൂറു വർഷങ്ങൾ "എന്ന നോവലിൽ ജിപ്സികൾ തീർത്തും അപരസ്വത്വമെന്ന നിലയിലാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് - ഈ പ്രസ്താവന പരിശോധിക്കുക.

14. "എനിക്കുവേണ്ടി ജീവൻ കളയുന്നവൻ അതു കണ്ടെത്തുക തന്നെ ചെയ്യും." - കാട്ടുകടന്നൽ എന്ന നോവലിൽ ഈ ക്രിസ്തുവചനത്തിന്റെ പ്രസക്തി വിലയിരുത്തുക.

## Section C

**Answer any 1 questions. Each carry 14 marks.**

15. ദേശത്തിനും ഭാഷയ്ക്കും അതീതമായി മനുഷ്യജീവിതം ചില സമാനതകളെ അനുവർത്തിക്കുന്നുണ്ട്. ഇലിയഡ് എന്ന കാവ്യം ഈ പ്രസ്താവനയെ ശരിവെക്കുന്നുണ്ടോ? വിശകലനം ചെയ്യുക.

16. മലയാളത്തിൽ ആധുനിക കടന്നുവന്നതിൽ പാശ്ചാത്യകവിതാ വിവർത്തനങ്ങൾ വഹിച്ച പങ്കെന്ത്?